**മാർത്തോമ്മ സഭ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ്**
**തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പായിൽ നിന്നും**

കല്പന നമ്പർ : G.60/2022

കർത്താവിൽ പ്രിയരെ,

ദൈവരാജ്യ ശുശ്രൂഷയുടെ പ്രധാനഘടകമാണ് സമഗ്രമായ വികസന പ്രവർത്തനങ്ങൾ. സമൂഹത്തിൽ അശരണരും ആലംബഹീനരും നീതിനിഷേധിക്കപ്പെട്ടവരും പ്രാന്തവല്ക്കരിക്കപ്പെട്ടവരും ആയവരെ കരുതുകയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യേണ്ടത് ക്രൈസ്തവ ധർമ്മമാണ്. ഈ ഉദ്ദേശ്യ ലക്ഷ്യത്തിനുവേണ്ടി സഭയിൽ 1977 ൽ ആരംഭിച്ച **മാർത്തോമ്മാ സഭ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ഇടവകതല യൂണിറ്റാണ് ഇടവക വികസന സംഘങ്ങൾ**. 2021–22 സഭാ പ്രതിനിധി മണ്ഡലം ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റിനെ സഭയുടെ അംഗീകൃത സംഘടനയായി അംഗീകരിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. നിലവിലുള്ള വികസന സംഘങ്ങളുടെ കാലാവധി 2023 മാർച്ച് 31 ന് അവസാനിച്ചു. **2023–2026** കാലയളവിലേക്ക് നിലവിലുള്ള വികസന സംഘങ്ങൾ പുതുക്കുകയും, ഇല്ലാത്ത ഇടവകകളിൽ പുതിയതായി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയും വേണം.

മാർത്തോമ്മാ സഭ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ഭരണഘടന നിർദ്ദേശിക്കുന്നതിൻ പ്രകാരം ഇടവക വികസന സംഘങ്ങൾ രൂപീകരിച്ച് 2023 മാർച്ച് 31 ന് മുൻപായി കേന്ദ്ര ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ഇടവകയിലും വികസന പ്രവർത്തന പരിപാടികളിൽ താല്പര്യമുള്ള വ്യക്തികൾ ഇടവക വികസന സംഘം നിശ്ചയിക്കുന്ന തുക ഫീസായി നൽകി അംഗമാകേണ്ടതാണ്. ഒരു വികസന സംഘത്തിൽ കുറഞ്ഞത് **15** അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുന്നതിനായി പൂരിപ്പിച്ച അപേക്ഷയും അംഗങ്ങളുടെ പേർ വിവര പട്ടികയും, ഒരംഗത്തിന് 10 രൂപ നിരക്കിൽ അംഗത്വഫീസും കേന്ദ്ര ഓഫീസിൽ നൽകേണ്ടതാണ്. തുടർന്ന് സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ വികസനസംഘങ്ങൾ രൂപീകരിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. ഇടവകവികസനസംഘം സെക്രട്ടറിമാർ സെന്റർ വികസനസംഘത്തിലും സെന്റർ വികസന കമ്മിറ്റിയിലും, സെന്റർ സെക്രട്ടറിമാർ ഭദ്രാസന വികസനസംഘത്തിലും ഭദ്രാസനവികസന കമ്മിറ്റിയിലും, ഉൾപ്പെടുന്നതാണ്. ചുമതലക്കാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

നമ്മുടെ ഇടവകയിലും ചുറ്റുപാടും കോവിഡ് മഹാമാരിയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നവർ, ദരിദ്രർ, രോഗികൾ, ഭവനരഹിതർ, വിവേചനം നേരിടുന്നവർ, സാമ്പത്തിക ബാദ്ധ്യതയിൽ അകപ്പെട്ടവർ എന്നിവരെ കരുതുന്നതിനും കൂട്ടായ്മ നൽകുന്നതിനുമൊപ്പം കാലാവസ്ഥ വ്യതിയാനം, ജൈവകൃഷി, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിൽ നേതൃത്വം കൊടുക്കുവാനും ഇടവക വികസന സംഘങ്ങളിലൂടെ നാം പരിശ്രമിക്കുന്നു.

സ്ഥായിയായ വികസനപ്രവർത്തനങ്ങൾ സുവിശേഷവേല തന്നെയാണ്. അതുകൊണ്ട് ദൈവരാജ്യത്തിന്റെ പ്രാദേശിക ഘടകമായ പ്രാദേശിക ഇടവകകൾ അതത് ഇടങ്ങളിൽ സമഗ്രവികസനത്തിന്റെ കൗദാശിക സാന്നിദ്ധ്യമായി മാറണം. 'ഞാൻ വന്നത് നിങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനുമത്ര' എന്ന ക്രിസ്തുവചനം (യോഹന്നാൻ 10:10) എല്ലാവർക്കുമുള്ള സദ്വാർത്തയായിരിക്കണം. പുതിയ നൂറ്റാണ്ടിലെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ എല്ലാഇടവകകളിലും വികസനസംഘം രൂപീകരിച്ച് ക്രിയാത്മാകമായി പ്രവർത്തിക്കാൻ ഏവരും ഉത്സാഹിക്കണം.

കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2022 ഡിസംബർ മാസം 29–ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽ നിന്നും

**തോമസ് മാർ തിമോഥെയോസ് എപ്പിസ്കോപ്പാ**

(പ്രസിഡന്റ്, ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്)